# ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2016

# The Solid Waste Management Rules, 2016 (Central Rules)




## കൈപ്പുസ്തകം

തയ്യാറാക്കിയത്

സി.എസ്.സന്തോഷ്

# ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2016

# The Solid Waste Management Rules, 2016

## MINISTRY OF ENVIRONMENT, FOREST AND CLIMATE CHANGE

## NOTIFICATION S.O. 1357(E) dated 08-04-2016

(എസ്.ഒ.നം.1357(ഇ) തിയതി 08-04-2016)

1986 ലെ പരിസ്ഥിതി(സംരക്ഷണം) നിയമത്തിലെ 3, 6, 25 എന്നീ വകുപ്പുകൾ പ്രകാരം നൽകിയ അധികാരം ഉപയോഗിച്ച് 2000 ലെ **Municipal Solid Waste (Management and Handling) Rules** ന് പകരമായാണ് ഈ ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

1. ഈ ചട്ടങ്ങൾ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2016 (Solid Waste Management Rules, 2016) എന്ന് അറിയപ്പെടുന്നതാണ്.

## 2. ചട്ടങ്ങൾ ബാധകമായ പ്രദേശങ്ങൾ

- നഗരഭരണ സ്ഥാപനങ്ങൾ
- നഗര സഞ്ചയങ്ങൾ
- രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മിഷണർ ഓഫ് ഇന്ത്യ പ്രഖ്യാപിക്കുന്ന സെൻസസ് ടൗണുകൾ (census towns)
- **3000 ൽ കൂടുതൽ ജനസംഖ്യയുള്ള വില്ലേജുകൾ** (എസ്.ഒ.1152(ഇ) തിയതി 19-03-2020 പ്രകാരം കൂട്ടിച്ചേർത്തത്)
- വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾ
- വിജ്ഞാപനം ചെയ്ത വ്യാവസായിക ടൗൺഷിപ്പുകൾ
- ഇന്ത്യൻ റെയിൽവേയുടെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങൾ

- എയർപോർട്ടുകൾ
- എയർബേസുകൾ
- പോർട്ടുകളും ഹാർബറുകളും
- പ്രതിരോധ സ്ഥാപനങ്ങൾ
- പ്രത്യേക സാമ്പത്തിക മേഖലകൾ
- കേന്ദ്ര, സംസ്ഥാന സ്ഥാപനങ്ങൾ
- തീർത്ഥാടന സ്ഥലങ്ങൾ
- ബന്ധപ്പെട്ട സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യാവുന്ന മതപരവും ചരിത്രപരവുമായ പ്രാധാന്യമുള്ള സ്ഥലങ്ങൾ
- 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിൻകീഴിൽ പ്രത്യേക ചട്ടങ്ങൾക്ക് കീഴിലുള്ള മാലിന്യങ്ങൾ ഒഴികെയുള്ള ഗാർഹിക-സ്ഥാപനതല-വാണിജ്യപരമായ-മറ്റേതെങ്കിലും ഗാർഹികേതര ഖര മാലിന്യ ഉത്പാദകർ.

**കുറിപ്പ്:** **G.O.(Rt)No.791/2023/LSGD Dated 31-03-2023** പ്രകാരം കേരളത്തിൽ ചട്ടം 2 ബാധകമായ പരിസ്ഥിതി ദുർബല പ്രദേശങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, തീർത്ഥാടന സ്ഥലങ്ങൾ, ബീച്ചുകൾ മുതലായവയുടെ പട്ടിക പുറപ്പെടുവിച്ചിട്ടുണ്ട്.

## 3. നിർവ്വചനങ്ങൾ

### • തദ്ദേശ സ്ഥാപനം (Local Body)

ഈ ചട്ടങ്ങളുടെ ആവശ്യത്തിലേക്കായി തദ്ദേശ സ്ഥാപനം എന്നതിൽ സംസ്ഥാനങ്ങളിലോ കേന്ദ്രഭരണ പ്രദേശങ്ങളിലോ വിവിധ പേരുകളിൽ അറിയപ്പെടുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ ഉൾപ്പെടുന്നതാണ്:

- മുനിസിപ്പൽ കോർപ്പറേഷൻ
- മുനിസിപ്പൽ കൗൺസിൽ
- നഗർ നിഗം

- നഗർപാലിക
- നഗർപാലിക പരിഷത്ത്
- മുനിസിപ്പൽ ബോർഡ്
- നഗർ പഞ്ചായത്തും ടൗൺ പഞ്ചായത്തും
- സെൻസസ് ടൗണുകൾ
- വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾ
- വിജ്ഞാപനം ചെയ്ത വ്യാവസായിക ടൗൺഷിപ്പുകൾ

## • എയ്റോബിക് കമ്പോസ്റ്റിംഗ് (aerobic composting)

ഓക്സിജന്റെ സാന്നിദ്ധ്യത്തിൽ ജൈവ വസ്തുക്കളുടെ സൂക്ഷ്മാണുവിഘടനം ഉൾപ്പെടുന്ന നിയന്ത്രിത പ്രക്രിയയാണ് എയ്റോബിക് കമ്പോസ്റ്റിംഗ്.

## • വായുരഹിത കമ്പോസ്റ്റിംഗ് (anaerobic composting)

ഓക്സിജന്റെ സാന്നിദ്ധ്യമില്ലാതെ ജൈവ വസ്തുക്കളുടെ സൂക്ഷ്മാണു വിഘടനം ഉൾപ്പെടുന്ന നിയന്ത്രിത പ്രക്രിയയാണ് **വായുരഹിത** കമ്പോസ്റ്റിംഗ്.

## • ജൈവമാലിന്യം (biodegradable waste)

ലളിതമായതും സ്ഥിരതയുള്ളതുമായ സംയുക്തങ്ങളാക്കി മാറ്റാൻ കഴിയുന്ന ജൈവ വസ്തുക്കളാണ് ജൈവമാലിന്യങ്ങൾ.

## • ബയോ മെഥനേഷൻ (bio-methanation)

മീഥെൻ സമ്പുഷ്ടമായ ബയോഗ്യാസ് ഉത്പാദിപ്പിക്കുന്നതിന് സൂക്ഷ്മ ജീവികളുടെ പ്രവർത്തനത്താൽ ജൈവവസ്തുക്കളുടെ എൻസൈമാറ്റിക് വിഘടനം ആവശ്യമായ പ്രക്രിയ.

## • ജ്വലനശേഷിയുള്ള മാലിന്യം (combustible waste)

ക്ലോറിനേറ്റഡ് വസ്തുക്കളായ പ്ലാസ്റ്റിക്, മരത്തിന്റെ പൾപ്പ് എന്നിവ ഒഴികെയുള്ളതും കുറഞ്ഞത് 1500 കിലോ കലോറി/കിലോഗ്രാം കലോറി മൂല്യമുള്ളതും വിഘടിക്കാത്തതും പുന:ചംക്രമണവും പുനരുപയോഗവും സാധ്യമല്ലാത്തതും അപകടകരമല്ലാത്തതുമായ ഖരമാലിന്യം.

## • കമ്പോസ്റ്റിംഗ് (composting)

ജൈവ വസ്തുക്കളിലെ സൂക്ഷ്മ ജീവികളുടെ വിഘടനം ഉൾപ്പെടുന്ന നിയന്ത്രിത പ്രക്രിയയാണ് കമ്പോസ്റ്റിംഗ്.

## • ഡ്രൈ വേസ്റ്റ് (dry waste)

ജൈവ മാലിന്യങ്ങളും തെരുവ് തൂത്തുവാരലിലെ നിഷ്ക്രിയ വസ്തുക്കളും ഒഴികെയുള്ള പുനഃചംക്രമണം ചെയ്യാവുന്നതും അല്ലാത്തതും ജ്വലനശേഷിയുള്ളതും സാനിറ്ററി നാപ്കിൻ, ഡയപ്പറുകൾ മുതലായവയും ഉൾപ്പെടെയുള്ള മാലിന്യം.

## • ദഹിപ്പിക്കൽ (incineration)

ഉയർന്ന ഊഷ്മാവിൽ പാഴ് വസ്തുക്കളെ നശിപ്പിക്കുന്നതിനായി ഖരമാലിന്യങ്ങൾ കത്തിക്കുന്ന പ്രക്രിയ.

## • നിഷ്ക്രിയ വസ്തുക്കൾ (inerts)

നിഷ്ക്രിയ വസ്തുക്കൾ എന്നാൽ ജൈവികമായ രീതിയിൽ സംസ്കരിക്കുവാൻ സാധിക്കാത്തും പുനഃചംക്രമണം സാധ്യമല്ലാത്തതും ആയ മാലിന്യങ്ങൾ അല്ലെങ്കിൽ തെരുവ് തൂത്തുവാരലിൽ നിന്നുള്ള തീപിടിക്കാവുന്ന മാലിന്യങ്ങൾ അല്ലെങ്കിൽ ഉപരിതല അഴുക്കുചാലുകളിൽ നിന്നും നീക്കം ചെയ്യുന്ന പൊടിയും ചെളിയും എന്ന് അർത്ഥമാക്കുന്നു.

## • ഖരമാലിന്യം (Solid Waste)

വ്യാവസായിക മാലിന്യം, ബയോ-മെഡിക്കൽ മാലിന്യം, ഇ-മാലിന്യം, ബാറ്ററി മാലിന്യം, റേഡിയോ ആക്ടീവ് മാലിന്യം എന്നിവ ഒഴികെയുള്ള താഴെ പറയുന്ന മാലിന്യങ്ങളെ ഖരമാലിന്യങ്ങളായി കണക്കാക്കുന്നതാണ്.

- *ഖര, അർദ്ധഖര മാലിന്യങ്ങൾ*
- *സാനിറ്ററി മാലിന്യങ്ങൾ (ഡയപ്പർ, സാനിറ്ററി നാപ്കിൻ മുതലായവ)*
- *വാണിജ്യ മാലിന്യങ്ങൾ*
- *സ്ഥാപനതല മാലിന്യം*
- *കാറ്ററിംഗ്, മാർക്കറ്റ് മാലിന്യം*
- *മറ്റ് ഗാർഹികേതര മാലിന്യങ്ങൾ*
- *തെരുവ് തൂത്തുവാരലിലെ മാലിന്യങ്ങൾ*

- *ഉപരിതല അഴുക്ക് ചാലുകളിൽ നിന്ന് നീക്കം ചെയ്യുന്നതോ ശേഖരിക്കുന്നതോ ആയ ചെളി, ...*
- *ഹോൾട്ടിക്കൾച്ചർ മാലിന്യം*
- *കാർഷിക, ഡയറി മാലിന്യങ്ങൾ*
- *സംസ്കരിച്ച ജൈവ-മെഡിക്കൽ മാലിന്യം*

## • യൂസർ ഫീ (User fee)

മാലിന്യ ശേഖരണത്തിനും ഗതാഗതത്തിനും സംസ്കരണത്തിനും കയ്യൊഴിക്കൽ സേവനങ്ങൾക്കും വേണ്ടിവരുന്ന ചെലവ് തുക നികത്തുന്നതിനായി മാലിന്യ ഉത്പാദകർക്ക് മേൽ പൂർണ്ണമായോ ഭാഗികമായോ ചുമത്തുന്ന ഫീസ്.

## • വെർമി കംപോസ്റ്റിംഗ് (vermi composting)

മണ്ണിരകളെ ഉപയോഗിച്ച് ജൈവമാലിന്യങ്ങൾ കംപോസ്റ്റ് ആക്കി മാറ്റുന്ന പ്രക്രിയയാണ് വെർമി കംപോസ്റ്റിംഗ്.

## • അവശിഷ്ട ഖര മാലിന്യം (residual solid waste)

ഖരമാലിന്യ സംസ്കരണ സൗകര്യങ്ങളിൽ നിന്നുള്ള പുനരുപയോഗത്തിനോ തുടർ സംസ്കരണത്തിനോ അനുയോജ്യമല്ലാത്ത മാലിന്യങ്ങളും തിരസ്കൃത വസ്തുക്കളും.

## • സാനിറ്ററി ലാന്റ് ഫില്ലിംഗ് (sanitary land filling)

ഭൂഗർഭജലം, ഉപരിതലജലം, പൊടിപടലം എന്നിവയുടെ മലിനീകരണം, കാറ്റിൽ പറക്കുന്ന ചപ്പുചവറുകൾ, ദുർഗന്ധം, തീപിടുത്തം, മൃഗശല്യം, പക്ഷിശല്യം, കീടങ്ങൾ അല്ലെങ്കിൽ എലി, ഹരിതഗൃഹ വാതക വിസർജ്ജനം, സ്ഥിരമായ ജൈവ മലിനീകരണം, ചരിവ് കാരണമുള്ള അസ്ഥിരത, മണ്ണൊലിപ്പ് എന്നിവയ്ക്ക് എതിരെയുള്ള സംരക്ഷണ നടപടികളോടെ രൂപകല്പന ചെയ്തിട്ടുള്ള ഒരു സംവിധാനത്തിൽ അവശിഷ്ട ഖര മാലിന്യങ്ങളുടെയും നിഷ്ക്രിയ മാലിന്യങ്ങളുടെയും (residual solid waste and inert wastes) അന്തിമവും സുരക്ഷിതവുമായ സംസ്കരണം എന്ന് അർത്ഥമാക്കുന്നതാണ്.

## 4. മാലിന്യ ഉത്പാദകരുടെ ചുമതലകൾ

- ✓ ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങൾ ജൈവം, അജൈവം, ഗാർഹിക അപായകര മാലിന്യങ്ങൾ എന്നിങ്ങനെ മൂന്നായി വേർതിരിച്ച് അനുയോജ്യമായ ബിന്നുകളിൽ സംഭരിക്കുക. പ്രാദേശിക അധികാരികളുടെ കാലാകാലങ്ങളിലെ നിർദ്ദേശങ്ങൾ അനുസരിച്ച് മാലിന്യം ശേഖരിക്കുന്നതിനായി ചുമതലപ്പെട്ടവർക്ക് അവ കൈമാറുക.
- ✓ ഡയപ്പറുകൾ, നാപ്കിനുകൾ മുതലായ സാനിറ്ററി മാലിന്യങ്ങൾ നിർമ്മാതാക്കൾ നൽകുന്ന പൗച്ചുകളിലോ തദ്ദേശഭരണ അധികാരികൾ നിർദ്ദേശിക്കുന്ന രീതിയിലോ സുരക്ഷിതമായി പൊതിഞ്ഞ് ഖരമാലിന്യം അല്ലെങ്കിൽ അഴുകാത്ത മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനുള്ള ബിന്നുകളിൽ നിക്ഷേപിക്കേണ്ടതാണ്.
- ✓ നിർമ്മാണ, പൊളിച്ചു മാറ്റൽ മാലിന്യങ്ങൾ Construction and Demolition Waste Management Rules, 2016 പ്രകാരം കയ്യൊഴിക്കേണ്ടതാണ്.
- ✓ ഹോർട്ടിക്കൾച്ചർ, പൂന്തോട്ട മാലിന്യങ്ങൾ സ്വന്തം സ്ഥലത്ത് നിക്ഷേപിച്ച് തദ്ദേശസ്ഥാപന അധികാരികൾ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് കയ്യൊഴിക്കേണ്ടതാണ്.
- ✓ ഒരു മാലിന്യ ഉത്പാദകനും അവൻ ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങൾ തെരുവുകളിലോ തന്റെ പരിസരത്തിനുപുറത്തുള്ള തുറസ്സായ പൊതു ഇടങ്ങളിലോ അഴുക്കു ചാലിലോ ജലാശയങ്ങളിലോ വലിച്ചെറിയുകയോ കത്തിക്കുകയോ കുഴിച്ചിടുകയോ ചെയ്യുവാൻ പാടുള്ളതല്ല.
- ✓ ഖരമാലിന്യ സംസ്കരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ബൈലോ പ്രകാരം നിശ്ചയിക്കുന്ന യൂസർ ഫീ നൽകേണ്ടതാണ്.

## • ചടങ്ങുകളുടെ സംഘാടകർ

- ✓ മൂന്ന് പ്രവൃത്തി ദിവസങ്ങൾക്ക് മുമ്പെങ്കിലും തദ്ദേശ സ്ഥാപനത്തെ അറിയിക്കാതെ നൂറിലധികം ആളുകൾ ഒത്തു കൂടുന്ന ചടങ്ങ് ഒരാളും സംഘടിപ്പിക്കുവാൻ പാടുള്ളതല്ല. മാലിന്യങ്ങൾ സ്രോതസ്സിൽതന്നെ വേർതിരിച്ച്


മാലിന്യ ശേഖരണം നടത്തുന്നവർക്ക് കൈമാറുന്നുണ്ടെന്ന് സംഘാടകർ ഉറപ്പാക്കേണ്ടതാണ്.

- **തെരുവ് കച്ചവടക്കാർ**

✓ തെരുവ് കച്ചവടക്കാർ അവർ ഉത്പാദിപ്പിക്കുന്ന മാലിന്യം ഉചിതമായ സംഭരണികളിൽ ശേഖരിച്ച് തദ്ദേശ സ്ഥാപനം നിർദ്ദേശിക്കുന്ന സ്ഥലത്ത് നിക്ഷേപിക്കേണ്ടതാണ്.

- **റസിഡന്റ് വെൽഫയർ അസോസിയേഷനുകളും മാർക്കറ്റ് അസോസിയേഷനുകളും 5000 ച.മീറ്ററിൽ കൂടുതലുള്ള ഗേറ്റഡ് കമ്മ്യൂണിറ്റികളും സ്ഥാപനങ്ങളും ഹോട്ടലുകളും റസ്റ്റോറന്റുകളും**

✓ തദ്ദേശ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് മാലിന്യങ്ങൾ സ്രോതസ്സിൽതന്നെ വേർതിരിച്ച് പ്രത്യേകം സംഭരണികളിൽ ശേഖരിച്ച് പുന:ചംക്രമണം നടത്താവുന്നവ മാലിന്യം ശേഖരിക്കുന്നവർക്കോ പുന:ചംക്രമണം നടത്തുന്നവർക്കോ കൈമാറേണ്ടതാണ്. ജൈവമാലിന്യങ്ങൾ കഴിയുന്നിടത്തോളം കംപോസ്റ്റിംഗ്, ബയോമെഥനേഷൻ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ പരിസരത്തുതന്നെ സംസ്കരിക്കേണ്ടതാണ്. ശേഷിക്കുന്ന മാലിന്യങ്ങൾ തദ്ദേശ സ്ഥാപനം നിർദ്ദേശിക്കുന്ന മാലിന്യം ശേഖരണം നടത്തുവർക്ക് കൈമാറേണ്ടതാണ്.



# ഖരമാലിന്യ സംസ്കരണം - കേന്ദ്ര-സംസ്ഥാന തലത്തിലെ വിവിധ അധികാര സ്ഥാനങ്ങളുടെ ഉത്തരവാദിത്തങ്ങൾ

## 5. പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ ചുമതലകൾ (Ministry of Environment, Forest & Climate Change)

രാജ്യത്ത് ഈ ചട്ടങ്ങൾ നടപ്പാക്കുന്നത് മോണിറ്റർ ചെയ്യുക. മോണിറ്ററിംഗിനും വാർഷികാടിസ്ഥാനത്തിൽ അവലോകനം നടത്തുന്നതിനുമായി കേന്ദ്ര മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റി വർഷത്തിലൊരിക്കലെങ്കിലും യോഗം ചേർന്ന് അവലോകനം നടത്തേണ്ടതാണ്. ഓരോ മൂന്ന് വർഷം കൂടുമ്പോളും കമ്മിറ്റി പുതുക്കേണ്ടതാണ്.

## 6. ഭവന, നഗരകാര്യ മന്ത്രാലയത്തിന്റെ ചുമതലകൾ (Ministry of Housing and Urban Affairs)

- ഖരമാലിന്യ സംസ്കരണം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനങ്ങളും തദ്ദേശ സ്ഥാപനങ്ങളും സ്വീകരിക്കുന്ന നടപടികളുടേയും കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പ്രോജക്ടുകളുടേയും വർഷത്തിലൊരിക്കലെങ്കിലുമുള്ള അവലോകനവും ഉപദേശം നൽകലും.
- ഖരമാലിന്യ സംസ്കരണത്തിനായി ഒരു ദേശീയ നയം രൂപീകരിക്കൽ.
- ഖരമാലിന്യ സംസ്കരണ മേഖലയിൽ ഗവേഷണം നടത്തി സംസ്ഥാനങ്ങൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും വിവരം കൈമാറൽ.
- തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റ് സ്റ്റേക് ഹോൾഡർമാർക്കും പരിശീലനം നൽകൽ.
- ഖരമാലിന്യ സംസ്കരണത്തിൽ സംസ്ഥാനങ്ങൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ, സാമ്പത്തിക സഹായം നൽകൽ.
- ചട്ടം 11 അനുസരിച്ച് സംസ്ഥാനങ്ങളും കേന്ദ്രഭരണ സ്ഥാപനങ്ങളും ഈ ചട്ടങ്ങൾ നടപ്പാക്കുന്നത് ഉറപ്പാക്കൽ.

## 7. ഫെർട്ടിലൈസേഴ്സ് ഡിപ്പാർട്ട്മെന്റിന്റെയും കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന്റെയും ചുമതലകൾ (Department of Fertilisers, Ministry of Chemicals and Fertilisers)

- നഗര കമ്പോസ്റ്റിന്റെ വിപണി വിപുലപ്പെടുത്തുന്നതിനായി സഹായിക്കുക.
- രാസവളങ്ങളോടൊപ്പം കമ്പോസ്റ്റിന്റെ സഹവിപണനം പ്രോൽസാഹിപ്പിക്കുക.

## 8. കൃഷി മന്ത്രാലയത്തിന്റെ ചുമതലകൾ (Ministry of Agriculture)

- കമ്പോസ്റ്റ് നിർമ്മാണത്തിനും വില്പനയ്ക്കുമായി രാസവള നിയന്ത്രണ ഉത്തരവിൽ ഇളവ് നൽകുക.
- കൃഷിഭൂമിയിൽ കമ്പോസ്റ്റിന്റെ ഉപയോഗം പ്രചരിപ്പിക്കുക.
- തദ്ദേശ സ്ഥാപനങ്ങളും അവരുടെ അംഗീകൃത ഏജൻസികളും നിർമ്മിക്കുന്ന കമ്പോസ്റ്റിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലബോറട്ടറികൾ സ്ഥാപിക്കുക.
- കമ്പോസ്റ്റിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനാവശ്യമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുക.

## 9. ഊർജ്ജ മന്ത്രാലയത്തിന്റെ ചുമതലകൾ (Ministry of Power)

മാലിന്യത്തിൽ നിന്നും ഊർജ്ജം (Waste To Energy) ഉത്പാദിപ്പിക്കുന്ന പ്ലാന്റുകളിൽ നിന്നുള്ള വൈദ്യുതിയുടെ താരിഫ് നിശ്ചയിക്കുകയും വിതരണ കമ്പനികൾ വഴി അതിന്റെ വിതരണം ഉറപ്പാക്കുകയും ചെയ്യുക.

## 10. ന്യൂ ആന്റ് റിന്യൂവബിൾ എനർജി മന്ത്രാലയത്തിന്റെ ചുമതലകൾ (Ministry of New and Renewable Energy (MNRE)

മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്ലാന്റുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുകയും അത്തരം പ്ലാന്റുകൾക്ക് സബ്സിഡി നൽകുകയും ചെയ്യുക.

## 11. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ സ്ഥാപനങ്ങളിലെയും നഗര വികസനത്തിന്റെ ചുമതലയുള്ള സെക്രട്ടറിയുടെ ചുമതലകൾ (Secretary-in-charge of Urban Development in the States and Union Territories)

- സംസ്ഥാന ഖരമാലിന്യ സംസ്കരണ നയവും തന്ത്രവും (state policy and solid waste management strategy) തയ്യാറാക്കുക.
- സംസ്ഥാന നയവും തന്ത്രവും രൂപീകരിക്കുമ്പോൾ താഴെ പറയുന്നവയ്ക്ക് ഊന്നൽ നൽകേണ്ടതാണ്.

✓ **മാലിന്യം കുറവു ചെയ്യൽ(Reduce), പുനരുപയോഗിക്കൽ(Reuse), പുന:ചംക്രമണം ചെയ്യൽ(Recycle) - (3Rs)**

✓ ലാന്റ് ഫില്ലിംഗിലേക്ക് പോകുന്ന മാലിന്യം കുറയ്ക്കുന്നതിനായി ഖരമാലിന്യത്തിന്റെ വിവിധ ഘടകങ്ങളുടെ അനുയോജ്യമായ ഉപയോഗം ഉറപ്പാക്കൽ.

✓ മനുഷ്യ ആരോഗ്യം, പരിസ്ഥിതി എന്നിവയുടെമേൽ ഖരമാലിന്യത്തിന്റെ ആഘാതം കുറയ്ക്കുക എന്നിവയ്ക്ക് ഊന്നൽ നൽകേണ്ടതാണ്.

- സംസ്ഥാന നയങ്ങളും തന്ത്രങ്ങളും രൂപീകരിക്കുമ്പോൾ അനൗപചാരികമായി മാലിന്യം ശേഖരിക്കുന്നവർ, റീസൈക്ലിംഗ് നടത്തുന്നവർ എന്നിവർ വഹിക്കുന്ന പങ്ക് കണക്കിലെടുക്കേണ്ടതും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.
- എല്ലാ പ്രാദേശിക അധികാരികളും (local authorities) ഈ ചട്ടങ്ങൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- സംസ്ഥാനത്തെ ഓരോ സിറ്റിയിലും മാലിന്യ സംസ്കരണത്തിനുള്ള ഏർപ്പാട് ഉണ്ടെന്ന് ഉറപ്പാക്കുവാനായി ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിന് നിർദ്ദേശം നൽകൽ.

- ഖരമാലിന്യ സംസ്കരണത്തിനായി ഉചിതമായ ഭൂമി കണ്ടെത്തി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതും ആയത് സംസ്ഥാന മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നതും ഉറപ്പാക്കൽ.
- ഇരുന്നൂറിൽ കൂടുതൽ വാസസ്ഥല യൂണിറ്റുകൾ അല്ലെങ്കിൽ 5000 ചതുരശ്ര മീറ്ററിൽ കൂടുതൽ പ്ലോട്ട് വിസ്തൃതിയുള്ള ഗ്രൂപ്പ് ഹൗസിംഗ് അല്ലെങ്കിൽ വാണിജ്യം, സ്ഥാപനതലത്തിലുള്ള അല്ലെങ്കിൽ മറ്റേതെങ്കിലും ഗാർഹികേതര കോംപ്ലക്സുകളിൽ ഖരമാലിന്യങ്ങൾ വേർതിരിക്കുന്നതിനും (segregation), സംഭരിക്കുന്നതിനും (storage), വികേന്ദ്രീത സംസ്കരണത്തിനും (decentralised processing) ഉള്ള പ്രത്യേക ഇടം ഉറപ്പാക്കുവാൻ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിനോടും തദ്ദേശ സ്ഥാപനങ്ങളോടും നിർദ്ദേശിക്കുക.
- ആകെ വിസ്തൃതിയുടെ കുറഞ്ഞത് അഞ്ച് ശതമാനം സ്ഥലം അല്ലെങ്കിൽ കുറഞ്ഞത് അഞ്ച് പ്ലോട്ടുകളോ ഷെഡുകളോ സംസ്കരണ സംവിധാനത്തിനായി നീക്കി വയ്ക്കുവാൻ പ്രത്യേക സാമ്പത്തിക മേഖലയുടെയും വ്യവസായ എസ്റ്റേറ്റുകളുടെയും വ്യവസായ പാർക്കുകളുടെയും ഡെവലപ്പർമാർക്ക് നിർദ്ദേശം നൽകുക.
- സിറ്റികളുടെ ഒരു ഗ്രൂപ്പിനായി പൊതുവായ പ്രാദേശിക സാനിറ്ററി ലാന്റ് ഫില്ലിംഗ് സംവിധാനം ഒരുക്കുന്നതിന് സൗകര്യമൊരുക്കുക, മേൽനോട്ടം ഉറപ്പാക്കുക.
- ഖരമാലിന്യ സംസ്കരണം, വേർതിരിക്കൽ, ട്രാൻസ്പോർട്ടേഷൻ അല്ലെങ്കിൽ സ്രോതസ്സിൽതന്നെ മാലിന്യം സംസ്കരിക്കൽ എന്നിവയിലുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ.
- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി കൂടിയാലോചിച്ച് പ്രതിദിനം അഞ്ച് ടണ്ണിൽ കൂടുതൽ ഖരമാലിന്യ സംസ്കരണത്തിനും കയ്യൊഴിക്കലിനും വേണ്ടിയുള്ള ബഫർ സോൺ വിജ്ഞാപനം ചെയ്യുക.
- മാലിന്യം ശേഖരിക്കുന്നവരുടെയും മാലിന്യ ഡീലർമാരുടെയും രജിസ്ട്രേഷനുവേണ്ടിയുള്ള ഒരു പദ്ധതി ആരംഭിക്കുക.

## 12. ജില്ലാ കളക്ടർ/മജിസ്ട്രേറ്റ് (District Collector/Magistrate)

- തദ്ദേശ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ സംസ്കരണത്തിനും കയ്യൊഴിക്കലിനുമുള്ള സ്ഥലം തിരിച്ചറിയുന്നതിനും അനുവദിക്കുന്നതിനും സൗകര്യമൊരുക്കുക.
- തദ്ദേശ സ്ഥാപനങ്ങളുടെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മൂന്ന് മാസത്തിലൊരിക്കലെങ്കിലും അവലോകനം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുക.

## 13. സംസ്ഥാനത്തേയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗ്രാമപഞ്ചായത്തുകളുടെയും ഗ്രാമവികസന വകുപ്പിന്റെയും ചുമതലയുള്ള സെക്രട്ടറിയുടെ ചുമതലകൾ Secretary–in-charge of Village Panchayats or Rural Development Department in the State and Union territory

ഈ ചട്ടങ്ങൾക്ക് കീഴിൽ വരുന്നതും (ചട്ടം 11) തങ്ങളുടെ അധികാരപരിധിയിൽ വരുന്ന പ്രദേശങ്ങളിൽ സംസ്ഥാനത്തേയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നഗര വികസനത്തിന്റെ ചുമതലയുള്ള സെക്രട്ടറി നിർവ്വഹിക്കുന്നതുമായ അതേ ചുമതലകൾ ഗ്രാമപഞ്ചായത്തുകളുടെയും ഗ്രാമവികസന വകുപ്പിന്റെയും ചുമതലയുള്ള സെക്രട്ടറി നിർവ്വഹിക്കേണ്ടതാണ്.

## 14. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുമതലകൾ(Central Pollution Control Board (CPCB))

- ഈ ചട്ടങ്ങൾ നടപ്പാക്കുന്നതിനും പ്രാദേശിക അധികാരികൾ(local authorities) നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിനുമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുമായും മലിനീകരണ നിയന്ത്രണ കമ്മിറ്റികളുമായും ഉള്ള ഏകോപനം.
- ഖരമാലിന്യ സംസ്കരണവും കയ്യൊഴിക്കലുമായി ബന്ധപ്പെട്ട് ഭൂഗർഭജലം, അന്തരീക്ഷ വായു, വായു മലിനീകരണം മുതലായവയ്ക്ക് വേണ്ടിയുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കൽ.
- മാനദണ്ഡങ്ങൾ പുനരവലോകനം ചെയ്ത് പരിഷ്കരിക്കൽ.

- വർഷത്തിലൊരിക്കലെങ്കിലുമുള്ള അവലോകനം നടത്തൽ.
- പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെയോ മലിനീകരണ നിയന്ത്രണ കമ്മിറ്റികളുടെയോ നിർദ്ദേശങ്ങൾ അവലോകനം ചെയ്യൽ.
- തദ്ദേശ സ്ഥാപനങ്ങൾ ഈ ചട്ടങ്ങൾ നടപ്പാക്കുന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ അല്ലെങ്കിൽ മലിനീകരണ നിയന്ത്രണ കമ്മിറ്റികൾ മുഖേന നിരീക്ഷിക്കൽ.
- ഈ ചട്ടങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കൽ.
- നിർമ്മാണ പ്രവർത്തന മേഖലകൾ പരിമിതപ്പെടുത്തുന്ന ബഫർ സോണുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കൽ.
- തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ ഖരമാലിന്യ സംസ്കരണം, കയ്യൊഴിക്കൽ എന്നിവയുടെ പാരിസ്ഥിതിക വശങ്ങളെക്കുറിച്ച് കാലാകാലങ്ങളിൽ മാർഗ്ഗരേഖ പുറപ്പെടുവിക്കൽ.
- അന്തർ സംസ്ഥാന മാലിന്യ നീക്കത്തെക്കുറിച്ച് സംസ്ഥാനങ്ങൾക്കോ കേന്ദ്ര ഭരണ പ്രദേശങ്ങൾക്കോ മാർഗ്ഗനിർദ്ദേശം നൽകൽ.

## 15. സെൻസസ് ടൗണുകളിലെ പ്രാദേശിക അധികാരികളുടെയും ഗ്രാമപഞ്ചായത്തുകളുടെയും നഗര സഞ്ചയങ്ങളുടെയും ചുമതലകൾ
## Local Authorities and Village Panchayats of Census Towns and Urban Agglomerations

- ഖരമാലിന്യ സംസ്കരണത്തിനുള്ള സംസ്ഥാന നയത്തിനും മാനദണ്ഡത്തിനും അനുസൃതമായി ഖരമാലിന്യ സംസ്കരണ പ്ലാൻ തയ്യാറാക്കി സമർപ്പിക്കൽ.
- വീടുകളിൽ നിന്നും മറ്റ് സ്ഥലങ്ങളിൽ നിന്നും വേർതിരിച്ച ഖരമാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണത്തിനുള്ള ഏർപ്പാട് ചെയ്യൽ. എൻട്രി ഗേറ്റിൽ നിന്നോ മറ്റേതെങ്കിലും നിശ്ചിത സ്ഥലത്തു നിന്നോ മാലിന്യം ശേഖരിക്കാവുന്നതാണ്.

- മാലിന്യം ശേഖരിക്കുന്നവരുടെയോ അനൗപചാരികമായി മാലിന്യം ശേഖരിക്കുന്നവരുടെയോ സംഘടനകളെ തിരിച്ചറിയുവാനുള്ള സംവിധാനം ഏർപ്പെടുത്തൽ. വാതിൽപ്പടി മാലിന്യ ശേഖരണത്തിൽ അവരുടെ പങ്കാളിത്തം സുഗമമാക്കുന്നതിനായി അത്തരത്തിലുള്ളവരെ ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം പ്രോൽസാഹിപ്പിക്കുകയും സ്ഥാപിക്കുകയും ചെയ്യൽ.
- സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം സുഗമമാക്കൽ, തിരിച്ചറിയൽ കാർഡുകൾ നൽകൽ, വാതിൽപ്പടി മാലിന്യ ശേഖരണം ഉൾപ്പെടെയുള്ള ഖരമാലിന്യ സംസ്കരണത്തിൽ ഏകീകരണം പ്രോൽസാഹിപ്പിക്കൽ.
- ചട്ടങ്ങളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ രൂപീകരിക്കൽ.
- കാലാകാലങ്ങളിൽ ഉചിതമെന്ന് കരുതുന്ന യൂസർ ഫീ നിശ്ചയിക്കൽ, നേരിട്ടോ അംഗീകൃത ഏജൻസികൾ മുഖേനയോ ആയത് ശേഖരിക്കൽ.
- മാലിന്യം വലിച്ചെറിയാതിരിക്കുവാനും ഈ ചട്ടങ്ങൾ പ്രകാരം മാലിന്യം സ്രോതസ്സിൽ തന്നെ വേർതിരിക്കുവാനും മാലിന്യ ശേഖരണം നടത്തുന്നതിനായി ചുമതലപ്പെടുത്തിയവർക്ക് അവ കൈമാറാനും നേരിട്ടുള്ള മാലിന്യ ഉത്പാദകരോട് നിർദ്ദേശിക്കൽ.
- മാലിന്യ ശേഖരണം നടത്തുന്നവർക്ക് റീസൈക്കിൾ ചെയ്യാവുന്ന പേപ്പർ, പ്ലാസ്റ്റിക്, ലോഹം, തുണി എന്നിവ എളുപ്പത്തിൽ ശേഖരിക്കാവുന്ന വിധത്തിൽ റീസൈക്കിൾ ചെയ്യാവുന്ന സാധനങ്ങൾ വേർതിരിക്കുന്നതിനായി മതിയായ സ്ഥലസൗകര്യത്തോടുകൂടിയ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയോ സെക്കണ്ടറി സംഭരണ സംവിധാനങ്ങളോ സ്ഥാപിക്കൽ. ജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ബിന്നുകൾ പച്ചയും റീസൈക്കിൾ ചെയ്യാവുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ബിന്നുകൾ നീലയും *(G.S.R. 298(E) dated 10.4.2019 പ്രകാരം വെള്ള എന്നതിനു പകരം നീല എന്ന് ചേർത്തു)* മറ്റുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ബിന്നുകൾ കറുപ്പും നിറത്തിൽ ഉള്ളവയായിരിക്കേണ്ടതാണ്.
- വീടുകളിലെ അപകടകരമായ മാലിന്യങ്ങൾ ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള സെന്ററുകൾ സ്ഥാപിക്കൽ. സിറ്റിയിൽ അല്ലെങ്കിൽ ടൗൺ പ്രദേശങ്ങളിൽ

ഇരുപത് ചതുരശ്ര കിലോ മീറ്ററിനോ അതിന്റെ ഭാഗത്തിനോ ഒരു സെന്റർ സ്ഥാപിക്കേണ്ടതാണ്. സെന്ററുകളിൽ അത്തരം മാലിന്യം ശേഖരിക്കുന്ന സമയം വിജ്ഞാപനം ചെയ്യേണ്ടതാണ്.

- സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ കമ്മിറ്റിയോ നിർദ്ദേശിക്കുന്ന വിധത്തിൽ സുരക്ഷിതമായ വിധത്തിൽ വീടുകളിലെ അപകടകരമായ മാലിന്യങ്ങൾ ശേഖരിച്ച് അത്തരം മാലിന്യങ്ങൾ കയ്യൊഴിക്കുന്നതിനുള്ള സ്ഥലത്തേക്ക് അവ കൊണ്ടുപോകുന്നത് ഉറപ്പാക്കൽ.
- തെരുവ് തൂത്തുവാരലിൽ ലഭിക്കുന്ന വൃക്ഷങ്ങളുടെ ഇലകൾ കത്തിക്കരുതെന്നും അവ വേർതിരിച്ച് ശേഖരിച്ച് തദ്ദേശ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തുന്ന മാലിന്യ ശേഖരണം നടത്തുന്നവർക്ക് നൽകുവാനും മാലിന്യം തൂത്തു വാരുന്നവരോട് നിർദ്ദേശിക്കൽ.
- മാലിന്യ ശേഖരണം നടത്തുന്നവർക്ക് ഖര മാലിന്യ സംസ്കരണത്തിൽ പരിശീലനം നൽകൽ.
- പച്ചക്കറി, പഴവർഗ്ഗങ്ങൾ, പൂക്കൾ, മാംസം, പൗൾട്രി, മത്സ്യം എന്നിവയുടെ മാർക്കറ്റുകളിൽ നിന്നും ദൈനംദിനാടിസ്ഥാനത്തിൽ മാലിന്യം ശേഖരിക്കൽ. ശുചിത്വ വ്യവസ്ഥകൾ ഉറപ്പാക്കി മാർക്കറ്റിലോ പരിസരത്തോ ഉചിതമായ സ്ഥലങ്ങളിൽ വികേന്ദ്രീകൃത കംപോസ്റ്റ് പ്ലാന്റോ ബയോ മെതനേഷൻ പ്ലാന്റോ സ്ഥാപിക്കുന്നതിനെ പ്രോൽസാഹിപ്പിക്കൽ.
- ജനസാന്ദ്രത, വാണിജ്യ പ്രവർത്തനം, പ്രാദേശികമായ സാഹചര്യം എന്നിവയ്ക്ക് അനുസൃതമായി തെരുവുകളോ ലെയ്നുകളോ തൂത്തുവാരുന്നതിലെ മാലിന്യം ദിവസവും അല്ലെങ്കിൽ ഒന്നിടവിട്ട ദിവസങ്ങളിൽ അല്ലെങ്കിൽ ആഴ്ചയിൽ രണ്ടു ദിവസം ശേഖരിക്കൽ.
- വാഹനത്തിലേക്ക് നേരിട്ട് മാലിന്യം ശേഖരിക്കുന്നത് സൗകര്യപ്രദമല്ലാത്ത സ്ഥലങ്ങളിൽ തെരുവുകൾ തൂത്തുവാരുന്നതിലെ മാലിന്യവും അഴുക്കു ചാലുകളിൽ നിന്നുള്ള ചളിയും ശേഖരിക്കുന്നതിനായി താത്കാലിക അടിസ്ഥാനത്തിൽ മൂടിയോടുകൂടിയ സെക്കണ്ടറി സംഭരണ സംവിധാനം ഏർപ്പെടുത്തൽ. ഇപ്രകാരം ശേഖരിക്കുന്ന മാലിന്യം തദ്ദേശ സ്ഥാപനം നിർദ്ദേശിക്കുന്ന

ഇടവേളകളിൽ ശേഖരിച്ച് കയ്യൊഴിക്കേണ്ടതാണ്. ഹോർട്ടികൾച്ചർ, പാർക്ക്, പൂന്തോട്ട മാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച് അവ കഴിയുന്നിടത്തോളം പാർക്കിലോ പൂന്തോട്ടത്തിലോ തന്നെ സംസ്കരിക്കൽ.

- വേർതിരിച്ച ജൈവ മാലിന്യങ്ങൾ കംപോസ്റ്റ് പ്ലാന്റിലെക്ക് ബയോ മെഥനേഷൻ പ്ലാന്റിലേക്കോ അതുപോലുള്ള സംസ്കരണ സംവിധാനത്തിലേക്കോ അയയ്ക്കൽ. അത്തരം മാലിന്യങ്ങൾ അതാതിടങ്ങളിൽതന്നെ സംസ്കരിക്കുന്നതിന് മുൻഗണന നൽകൽ.
- അജൈവ മാലിന്യങ്ങൾ ബന്ധപ്പെട്ട സംസ്കരണ സ്ഥലത്തേക്കോ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളിലേക്കോ (MRF) സെക്കണ്ടറി സംഭരണ സംവിധാനത്തിലേക്കോ അയയ്ക്കൽ.
- നിർമ്മാണ, പൊളിച്ചു മാറ്റൽ മാലിന്യങ്ങൾ Construction and Demolition Waste Management Rules, 2016 ലെ വ്യവസ്ഥകൾക്ക് അനുസൃതമായി മാറ്റൽ.
- മാലിന്യ സംസ്കരണത്തിൽ സമൂഹത്തിന്റെ പങ്ക് ഉറപ്പാക്കൽ. വീടുകളിലെ കംപോസ്റ്റ് നിർമ്മാണം, ബയോഗ്യാസ് ഉത്പാദനം, ശുചിത്വം ഉറപ്പാക്കി കമ്മ്യൂണിറ്റിതലത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം എന്നിവ പ്രോൽസാഹിപ്പിക്കൽ.
- രണ്ട് വർഷത്തിനുള്ളിൽ രാസവളത്തിന്റെ ഉപയോഗം ഘട്ടം ഘട്ടമായി നിർത്തലാക്കൽ. തദ്ദേശ സ്ഥാപനം പരിപാലിക്കുന്ന എല്ലാ പാർക്കുകളിലും പൂന്തോട്ടങ്ങളിലും സാധ്യമാകുന്നിടത്തോളം അതിന്റെ അധികാരപരിധിയിലുള്ള മറ്റ് സ്ഥലങ്ങളിലും കമ്പോസ്റ്റ് ഉപയോഗിക്കൽ. അനൗപചാരിക മാലിന്യ റീസൈക്ലിംഗ് സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകൽ.
- താഴെ പറയുന്ന സാങ്കേതിക വിദ്യകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഖരമാലിന്യത്തിന്റെ വിവിധ ഘടകങ്ങളുടെ പരമാവധി ഉപയോഗത്തിനായി സ്വന്തമായോ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെയോ ഏതെങ്കിലും ഏജൻസി മുഖേനയോ ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിർമ്മാണം, പ്രവർത്തനം, പരിപാലനം എന്നിവയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കൽ.

1. ജൈവമാലിന്യങ്ങളുടെ ബയോ മെഥനേഷൻ, മൈക്രോബിയൽ കംപോസ്റ്റിംഗ്, വെർമി കംപോസ്റ്റിംഗ്, വായുരഹിത ദഹനം അല്ലെങ്കിൽ ഉചിതമായ മറ്റേതെങ്കിലും സംസ്കരണം.
2. മാലിന്യത്തിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്രക്രിയ.

- ചട്ടങ്ങളിലെ ഷെഡ്യൂൾ-I (Specifications for Sanitary Landfills) അനുസരിച്ച് അവശിഷ്ട ഖരമാലിന്യത്തിനുവേണ്ടി സ്വന്തമായോ മറ്റേതെങ്കിലും ഏജൻസി മുഖേനയോ സാനിറ്ററി ഫില്ലിംഗിന്റേയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടേയും നിർമ്മാണം, പ്രവർത്തനം, പരിപാലനം.
- ഖരമാലിന്യ സംസ്കര സേവനങ്ങളുടെ പ്രവർത്തനത്തിനും പരിപാലനത്തിനും മൂലധന നിക്ഷേപത്തിനുമായി ബജറ്റിൽ മതിയായ തുക വകയിരുത്തൽ.
- സാനിറ്ററി ലാന്റ് ഫില്ലുകൾ ഉൾപ്പെടെയുള്ള പ്രതിദിന മാലിന്യത്തിന്റെ അളവ് അഞ്ച് മെട്രിക് ടണ്ണിൽ കൂടുതലാണെങ്കിൽ, മാലിന്യ സംസ്കരണ സംവിധാനം അല്ലെങ്കിൽ നിർമ്മാർജ്ജന സംവിധാനം സ്ഥാപിക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അല്ലെങ്കിൽ കമ്മിറ്റിക്ക്, അതത് സംഗതി പോലെ, ഫോറം-I ൽ അപേക്ഷിക്കൽ.
- അംഗീകാരത്തിന്റെ സാധുത കാലഹരണപ്പെടുന്നതിന് കുറഞ്ഞത് 60 ദിവസം മുമ്പെങ്കിലും അംഗീകാരം പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ.
- ഏപ്രിൽ 30 ന് മുമ്പ് ഫോറം-IVൽ വാർഷിക വാർഷിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കൽ.
- വേർതിരിച്ച മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കുന്നതിനും കലർപ്പില്ലാത്ത മാലിന്യങ്ങൾ സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനും കരാർ തൊഴിലാളികളെയും സൂപ്പർവൈസർമാരെയും പരിശീലിപ്പിക്കൽ.
- ഖരമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും യൂണിഫോം, ഫ്ളൂറസന്റ് ജാക്കറ്റ്, കയ്യുറ, റെയിൻകോട്ട്, കാലുറ, മാസ്ക് ഉൾപ്പെടെയുള്ള വ്യക്തിഗത സംരക്ഷണ ഉപകരണങ്ങൾ സംവിധാനത്തിന്റെ ഓപ്പറേറ്റർ നൽകുന്നുണ്ടെന്നും അവ ഉപയോഗിക്കുന്നുണ്ടെന്നും ഉറപ്പാക്കൽ.

- ഒരു ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റിയുടെയോ മാർക്കറ്റ് കോംപ്ലക്സിന്റെയോ കെട്ടിട പ്ലാനിന് അംഗീകാരം നൽകുമ്പോൾ വേർതിരിക്കപ്പെട്ട മാലിന്യങ്ങൾ ശേഖരിച്ച് സംഭരിക്കുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്തൽ.
- ബൈലോ രൂപീകരിക്കുകയും മാലിന്യം വലിച്ചെറിയുന്നവരിൽ നിന്നോ ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നോ സ്പോട്ട് ഫൈൻ ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ നിശ്ചയിക്കലും രൂപീകരിക്കപ്പെട്ട ബൈലോയ്ക്ക് അനുസൃതമായി സ്പോട്ട് ഫൈൻ ഈടാക്കുവാൻ ഉദ്യോഗസ്ഥർക്കോ തദ്ദേശ സ്ഥാപനങ്ങൾക്കോ അധികാരം നൽകലും.
- വിവരം, വിദ്യാഭ്യാസം, ആശയ വിനിമയം എന്നിവയിലൂടെ പൊതു അവബോധം സൃഷ്ടിക്കുകയും താഴെ പറയുന്ന കാര്യങ്ങളിൽ മാലിന്യ ഉത്പാദകരെ ബോധവത്കരിക്കുകയും ചെയ്യൽ:

  - *മാലിന്യം വലിച്ചെറിയാതിരിക്കൽ*
  - *മാലിന്യത്തിന്റെ ഉത്പാദനം കുറയ്ക്കുക (minimize)*
  - *കഴിയുന്നിടത്തോളം മാലിന്യങ്ങൾ പുനരുപയോഗിക്കുക (reuse)*
  - *മാലിന്യങ്ങളെ ജൈവമാലിന്യങ്ങൾ, അജൈവ മാലിന്യങ്ങൾ (പുനരുപയോഗിക്കാവുന്നതും ജ്വലിപ്പിക്കാവുന്നതും (recyclable and combustible)), സാനിറ്ററി മാലിന്യങ്ങൾ, വീടുകളിലെ അപകടകരമായ മാലിന്യങ്ങൾ എന്നിങ്ങനെ സ്രോതസ്സിൽതന്നെ വേർതിരിക്കുന്നത് പരിശീലിക്കുക.*
  - *ഗാർഹിക കംപോസ്റ്റിംഗ്, വെർമി കംപോസ്റ്റിംഗ്, ബയോഗ്യാസ് ഉത്പാദനം, അല്ലെങ്കിൽ കമ്മ്യൂണിറ്റിതല കംപോസ്റ്റിംഗ് പരിശീലിക്കുക.*
  - *സാനിറ്ററി മാലിന്യം സുരക്ഷിതമായി പൊതിഞ്ഞ് അജൈവമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനുള്ള ബിന്നിൽ നിക്ഷേപിക്കുക.*
  - *വേർതിരിക്കപ്പെട്ട മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ വിവിധ ബിന്നുകളിൽ സംഭരിക്കുക.*
  - *വേർതിരിക്കപ്പെട്ട മാലിന്യങ്ങൾ മാലിന്യം ശേഖരിക്കുന്നവർക്കോ റീസൈക്കിൾ ചെയ്യുന്നവർക്കോ മാലിന്യ ശേഖരണം നടത്തുന്ന ഏജൻസികൾക്കോ കൈമാറൽ.*
  - *ഖരമാലിന്യ സംസ്കരണത്തിന്റെ സുസ്ഥിരതയ്ക്കുവേണ്ടി മാലിന്യം ശേഖരിക്കുന്നവർക്കോ തദ്ദേശ സ്ഥാപനത്തിനോ തദ്ദേശ സ്ഥാപനം ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഏജൻസിക്കോ പ്രതിമാസ യൂസർഫീ നൽകുക.*

- സാനിറ്ററി ലാന്റ് ഫിൽ സ്ഥാപിക്കുന്നതിനായി ചട്ടം 23 ൽ വ്യക്തമാക്കിയിട്ടുള്ള സമയപരിധി കഴിഞ്ഞാലുടൻതന്നെ ലാന്റ് ഫിൽ നടത്തുകയോ മിശ്രിത മാലിന്യം തള്ളുകയോ ചെയ്യുന്നത് നിർത്തൽ.
- ഉപയോഗരഹിതവും പുന:ചംക്രമണം സാധ്യമാകാത്തതും അജൈവവും ജ്വലിക്കാത്തതും പ്രതിപ്രവർത്തനം നടത്താത്തതുമായതും സംസ്കരണത്തിനുമുമ്പ് നിരസിക്കപ്പെട്ടതും മാലിന്യ സംസ്കരണ കേന്ദ്രങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങളും മാത്രം സാനിറ്ററി ലാന്റ് ഫില്ലിംഗിനായി കൊണ്ടുപോകുവാൻ അനുവദിക്കേണ്ടതാണ്. സാനിറ്ററി ലാന്റ് ഫിൽ സൈറ്റുകൾ ഷെഡ്യൂൾ-I ൽ നൽകിയിട്ടുള്ള സ്പെസിഫിക്കേഷനുകൾ പാലിച്ചുകൊണ്ടായിരിക്കേണ്ടതാണ്. ലാന്റ് ഫില്ലിംഗിന് കൊണ്ടുപോകുന്ന മാലിന്യങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി മാലിന്യം പുനരുപയോഗിക്കുന്നതിനോ പുന:ചംക്രമണം നടത്തുവാനോ ഉള്ള എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണ്.
- മാലിന്യ നിക്ഷേപം നടത്തിയിട്ടുള്ള പഴയതും നിലവിലുള്ളതുമായ എല്ലാ സ്ഥലങ്ങളെക്കുറിച്ചും അവയുടെ ബയോമൈനിംഗ്, ബയോറീമീഡിയേഷൻ സാധ്യതകൾ അന്വേഷിച്ച് വിശകലനം ചെയ്ത് സാധ്യമാകുന്നിടത്തെല്ലാം സൈറ്റുകൾ ബയോമൈൻ അല്ലെങ്കിൽ ബയോറീമീഡിയേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.
- ബയോമൈനിംഗ്, ബയോറീമീഡിയേഷൻ സാധ്യതകൾ ഇല്ലെങ്കിൽ പരിസ്ഥിതിക്ക് ദോഷകരമാകാതിരിക്കുവാൻ ലാന്റ് ഫിൽ കേപ്പിംഗ് മാനദണ്ഡങ്ങൾക്ക് അനുസൃതമായി അടച്ചിടേണ്ടതാണ്.
- ചേരികൾ, അനൗപചാരിക വാസസ്ഥലങ്ങൾ, വാണിജ്യം, സ്ഥാപനതലം, വാസഗൃഹമല്ലാത്ത മറ്റ് സ്ഥലങ്ങൾ, ബഹുനില കെട്ടിടങ്ങൾ, വാണിജ്യ സമുച്ചയങ്ങൾ, മാളുകൾ, ഹൗസിംഗ് കോംപ്ലക്സുകൾ മുതലായ സ്ഥലങ്ങളിൽ നിന്നുള്ള ജൈവ, അജൈവ,വീടുകളിലെ അപകടകരമായ മാലിന്യങ്ങൾ എന്നിവ ശേഖരിച്ച് കംപാർട്ട്മെന്റ് ഉള്ളതും മൂടിയുള്ളതുമായ വാഹനങ്ങളിൽ സംസ്കരണ സ്ഥലത്തേക്ക് കൊണ്ടു പോവുക. *(S.O. 1152(E) dated 19th March, 2020 പ്രകാരം ഉപചട്ടം ഉൾപ്പെടുത്തി).*

## 16. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അല്ലെങ്കിൽ മലിനീകരണ നിയന്ത്രണ കമ്മിറ്റിയുടെ ചുമതലകൾ (State Pollution Control Board or Pollution Control Committee)

- തദ്ദേശ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്ത് ഈ ചട്ടങ്ങൾ നടപ്പാക്കുക. വർഷ ത്തിൽ രണ്ട് തവണയെങ്കിലും അവലോകനം നടത്തുക.
- പാരിസ്ഥിതിക നിലവാരങ്ങളും മാലിന്യ സംസ്കരണത്തിനും കയ്യൊഴിക്കലിനു മുള്ള സംവിധാനങ്ങൾ ഷെഡ്യൂൾ-I (Specifications for Sanitary Landfills), ഷെഡ്യൂൾ-II (Standards of processing and treatment of solid waste) എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുക.
- തദ്ദേശ സ്ഥാപനങ്ങളോ തദ്ദേശ സ്ഥാപനത്തിന്റെ അംഗീകാരമുള്ളതോ ആയ സ്ഥാപനം സമർപ്പിക്കുന്ന ഫോറം-I പ്രകാരമുള്ള അപേക്ഷ (Application for obtaining authorisation under solid waste management rules for processing/recycling/treatment and disposal of solid waste) ലഭ്യമായതി നുശേഷം അംഗീകാരത്തിനുള്ള നിർദ്ദേശം പരിശോധിക്കുകയും അനുയോജ്യ മെന്ന് കരുതുന്ന അന്വേഷണം നടത്തുകയും ചെയ്യുക. അംഗീകാരത്തിനുള്ള നിർദ്ദേശം പരിശോധിക്കുമ്പോൾ മറ്റ് ഏജൻസികളിൽ നിന്നുള്ള സമ്മതപത്രം ആവശ്യമാണെങ്കിൽ ആയത് കൂടി കണക്കിലെടുക്കേണ്ടതാണ്.
- മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ അറുപത് ദിവസത്തിനകം ഫോറം-II ൽ അംഗീകാരം നൽകൽ.
- തദ്ദേശ സ്ഥാപനമോ സംവിധാനത്തിന്റെ ഓപ്പറേറ്ററോ നിശ്ചിത വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടാൽ താത്കാലികമായി തടയുകയോ റദ്ദാക്കു കയോ ചെയ്യൽ. അത്തരം പ്രവൃത്തിക്കുമുമ്പ് നോട്ടീസ് നൽകേണ്ടതാണ്.
- പുതുക്കുന്നതിനുള്ള അപേക്ഷ ലഭ്യമായാൽ, അപേക്ഷ പരിശോധിച്ച് വ്യവസ്ഥ കൾ പാലിക്കുന്നുണ്ടെന്ന് ബോധ്യപ്പെട്ടാൽ അഞ്ചു വർഷത്തേക്ക് പുതുക്കി നൽകൽ.

- അംഗീകാരം നിഷേധിക്കുകയോ പുതുക്കി നൽകാതിരിക്കുകയോ ചെയ്യുന്ന തിനു മുമ്പ് അപേക്ഷകനെ കേൾക്കുവാൻ അവസരം നൽകൽ.
- പുതിയ സാങ്കേതിക വിദ്യകളുടെ കാര്യത്തിൽ നിശ്ചിത മാനദണ്ഡങ്ങൾക്കായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിനെ സമീപിക്കൽ.
- മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി വർഷത്തിലൊ രിക്കലെങ്കിലും മോണിറ്റർ ചെയ്യൽ.
- വീടുകളിലെ അപകടകരമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകൽ.
- അന്തർ സംസ്ഥാന മാലിന്യ നീക്കം നിയന്ത്രിക്കൽ.

## 17. ഒറ്റത്തവണ ഉപയോഗമുള്ള ഉത്പന്നപങ്ങളുടെയും സാനിറ്ററി നാപ്കിനുകളുടെയും ഡയപ്പറുകളുടെയും നിർമ്മാതാക്കളു ടെയോ ബ്രാന്റ് ഉടമകളുടെയോ കടമകൾ

## Duty of manufacturers or brand owners of disposable products and sanitary napkins and diapers

- ഒറ്റത്തവണ ഉപയോഗമുള്ള ടിൻ, ഗ്ലാസ്സ്, പ്ലാസ്റ്റിക്ക് പാക്കറ്റുകൾ മുതലായ ഉത്പ ന്നങ്ങളുടെ നിർമ്മാതാക്കൾ അല്ലെങ്കിൽ മാർക്കറ്റിൽ അത്തരം ഉത്പന്നങ്ങൾ അവതരിപ്പിക്കുന്ന ബ്രാന്റ് ഉടമകൾ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപി ക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതാണ്.
- തങ്ങളുടെ ഉത്പന്നങ്ങൾ അജൈവമല്ലാത്ത പാക്കിംഗ് സാമഗ്രികളിൽ വിൽക്കു കയോ വിപണനം ചെയ്യുകയോ ചെയ്യുന്ന എല്ലാ ബ്രാന്റ് ഉടമകളും അത്തരം പാക്കിംഗ് സാമഗ്രികളിലൂടെ സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ തിരികെ ശേഖരി ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
- സാനിറ്ററി നാപ്കിനുകളുടെയും ഡയപ്പറുകളുടെയും നിർമ്മാതാക്കൾ അല്ലെ ങ്കിൽ ബ്രാന്റ് ഉടമകൾ അല്ലെങ്കിൽ മാർക്കറ്റിംഗ് കമ്പനികൾ പുനരുപയോഗിക്കാ വുന്ന എല്ലാ വസ്തുക്കളും അവരുടെ ഉത്പന്നങ്ങളിൽ ഉപയോഗിക്കുന്നതി നുള്ള സാധ്യത ആരായേണ്ടതും അല്ലെങ്കിൽ അവർ നൽകുന്ന ഓരോ

നാപ്കിൻ അല്ലെങ്കിൽ ഡയപ്പർ കയ്യൊഴിക്കുന്നതിനായി അവയുടെ പാക്കറ്റിനോടൊപ്പം പൗച്ച് കൂടി നൽകേണ്ടതാണ്. അവർ ഇക്കാര്യത്തിനായി ജനങ്ങളെ ബോധവത്ക്കരിക്കേണ്ടതാണ്.

## 18. മാലിന്യത്തിൽ നിന്നും ഇന്ധനവും ഊർജ്ജവും ഉത്പാദിപ്പിക്കുന്ന പ്ലാന്റുകളുടെ നൂറ് കിലോമീറ്ററിനുള്ളിലുള്ള വ്യവസായ യൂണിറ്റുകളുടെ ചുമതലകൾ
## Duties of the industrial units located within one hundred km from the refused derived fuel and waste to energy plants based on solid waste

മാലിന്യത്തിൽ നിന്നും ഇന്ധനവും ഊർജ്ജവും ഉത്പാദിപ്പിക്കുന്ന പ്ലാന്റുകളുടെ നൂറ് കിലോമീറ്ററിനുള്ളിലുള്ളതും ഇന്ധനം ഉപയോഗിച്ച് പ്രവർത്തിക്കുന്നതുമായ വ്യവസായ യൂണിറ്റുകൾ അവരുടെ ഇന്ധന ആവശ്യകതയുടെ അമ്പത് ശതമാനമെങ്കിലും മാലിന്യത്തിൽ നിന്നുള്ള ഇന്ധനം ഉപയോഗിക്കുന്നതിനാശ്യമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## 19. ഖരമാലിന്യ സംസ്കരണ സംവിധാനം സജ്ജീകരിക്കുന്നതിനുള്ള ചുമതലാ മാനദണ്ഡങ്ങൾ
## Criteria for Duties regarding setting-up solid waste processing and treatment facility

- സ്ഥലം അനുവദിക്കുന്നതിന് ഉത്തരവാദപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥൻ ഖരമാലിന്യ സംസ്കരണ പ്ലാന്റിന് അനുയോജ്യമായ സ്ഥലം അനുവദിക്കേണ്ടതും സംസ്ഥാന സർക്കാർ/കേന്ദ്ര ഭരണ പ്രദേശത്തിന്റെ ഭരണകൂടം അത്തരം സ്ഥലം വിജ്ഞാപനം ചെയ്യേണ്ടതുമാണ്.
- കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾക്കും ഭവന നഗരകാര്യ മന്ത്രാലയം തയ്യാറാക്കിയ ഖരമാലിന്യ സംസ്കരണം മാന്വലിന് അനുസൃതമായും സംവിധാനത്തിന്റെ ഓപ്പറേറ്റർ സംവിധാനം രൂപകൽപ്പന ചെയ്ത് സജ്ജീകരിക്കേണ്ടതാണ്.
- സംവിധാനത്തിന്റെ ഓപ്പറേറ്റർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്/കമ്മിറ്റിയിൽ നിന്നും മതിയായ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

- ഖരമാലിന്യ സംസ്കരണ സംവിധാനത്തിന്റെ പ്രവർത്തനത്തിന്റെ പാരിസ്ഥിതിക നിലവാരങ്ങൾ (environment standards) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്/കമ്മിറ്റി നിരീക്ഷിക്കേണ്ടതാണ്.
- വിവിധ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഖരമാലിന്യ സംസ്കരണ സംവിധാനത്തിന്റെ സുരക്ഷിതവും പാരിസ്ഥിതി സൗഹൃദവുമായ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തം ഓപ്പറേറ്റർക്ക് ആയിരിക്കുന്നതാണ്.
- സംവിധാനത്തിന്റെ ഓപ്പറേറ്റർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും/കമ്മിറ്റിക്കും തദ്ദേശ സ്ഥാപനത്തിനും എല്ലാ വർഷവും ഏപ്രിൽ 30 നോ അതിനുമുമ്പോ Form-III ൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## 20. മലയോര പ്രദേശങ്ങളിൽ ഖരമാലിന്യ സംസ്കരണത്തിനുള്ള മാനദണ്ഡങ്ങളും സ്വീകരിക്കേണ്ട നടപടികളും Criteria and actions to be taken for solid waste management in hilly areas

മലയോര പ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിനായി പ്രാദേശികാധികാരികൾ ചട്ടം 15 ലെ ചുമതലകൾക്ക് പുറമെ താഴെ പറയുന്ന ചുമതലകൾ കൂടി നിർവ്വഹിക്കേണ്ടതാണ്.

- മലയോര പ്രദേശത്ത് ലാന്റ് ഫിൽ നിർമ്മാണം ഒഴിവാക്കേണ്ടതാണ്. അവശിഷ്ട മാലിന്യങ്ങളും നിഷ്ക്രിയ മാലിന്യങ്ങളും ശേഖരിക്കുന്നതിനായി ഉചിതമായ സ്ഥലം സജ്ജീകരിക്കേണ്ടതാണ്. മലയോരത്തു നിന്നും 25 കിലോമീറ്ററിനുള്ളിൽ സമതലപ്രദേശത്ത് സാനിറ്ററി ലാന്റ് ഫില്ലിന് ഉചിതമായ സ്ഥലം കണ്ടെത്തേണ്ടതും ശേഖരിക്കുന്ന അവശിഷ്ട മാലിന്യങ്ങൾ ഇവിടെ കയ്യൊഴിക്കേണ്ടതാണ്.
- അത്തരം ഭൂമി ലഭ്യമാകാത്ത സാഹചര്യത്തിൽ നിഷ്ക്രിയ, സാനിറ്ററി മാലിന്യങ്ങൾക്കായി പ്രാദേശിക സാനിറ്ററി ലാന്റ് ഫിൽ സ്ഥാപിക്കാൻ ശ്രമിക്കേണ്ടതാണ്.
- തദ്ദേശ സ്ഥാപനം ബൈലോ രൂപീകരിക്കേണ്ടതും തെരുവുകളിൽ മാലിന്യം വലിച്ചെറിയുന്നത് നിരോധിക്കേണ്ടതും കുപ്പികൾ, കവറുകൾ, പേപ്പർ മാലിന്യം

മുതലായ മാലിന്യങ്ങൾ തെരുവിലെ മലനിരകളിലോ വലിച്ചെറിയാതിരിക്കുവാൻ വിനോദ സഞ്ചാരികൾക്ക് കർശന നിർദ്ദേശം നൽകേണ്ടതും തദ്ദേശ സ്ഥാപനം സ്ഥാപിക്കുന്ന ബിന്നുകളിൽ മാലിന്യനിക്ഷേപം നടത്തുവാനും നിർദ്ദേശിക്കേണ്ടതുമാണ്.

- നഗരത്തിലെ പ്രവേശന കവാടത്തിലും ഹോട്ടലുകൾ, ഗസ്റ്റ് ഹൗസുകൾ അല്ലെങ്കിൽ അതുപോലുള്ള താമസ സ്ഥലങ്ങൾ വഴിയും വിനോദ സഞ്ചാര സ്ഥലങ്ങളിൽ അനുയോജ്യമായ ബോർഡുകൾ സ്ഥാപിച്ചും മലയോര മേഖലകൾ സഞ്ചരിക്കുന്ന എല്ലാ വിനോദ സഞ്ചാരികളേയും ബൈലോയിലെ ഖരമാലിന്യ സംസ്കരണത്തിനായുള്ള വ്യവസ്ഥകൾ അറിയിക്കുന്നതിനായി തദ്ദേശ സ്ഥാപനം ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.
- ഖരമാലിന്യ സംസ്കരണ സേവനങ്ങൾ സുസ്ഥിരമാക്കുന്നതിനായി പ്രവേശന കവാടത്തിൽ വിനോദ സഞ്ചാരികളിൽ നിന്നും ഖരമാലിന്യ സംസ്കരണ ചാർജ്ജ് തദ്ദേശ സ്ഥാപനത്തിന് ഈടാക്കാവുന്നതാണ്.
- ഭൂമി അനുവദിക്കുവാൻ ചുമതലപ്പെട്ട വകുപ്പ് വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനത്തിനുള്ള സ്ഥലം കണ്ടെത്തി അനുവദിക്കേണ്ടതാണ്. തദ്ദേശ സ്ഥാപനം അത്തരം സൗകര്യം സജ്ജീകരിക്കേണ്ടതാണ്. കുന്നിൻപ്രദേശം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സ്റ്റെപ്പ് ഗാർഡൻ സംവിധാനം സ്വീകരിക്കാവുന്നതാണ്.

## 21. മാലിന്യത്തിൽ നിന്നും ഊർജ്ജത്തിനുള്ള പ്രക്രിയകളുടെ മാനദണ്ഡങ്ങൾ (Criteria for waste to energy process)

- 1500 Kcal/kg അല്ലെങ്കിൽ അതിൽ കൂടുതൽ കലോറി മൂല്യമുള്ള അജൈവ മാലിന്യങ്ങൾ ലാന്റ് ഫില്ലുകളിൽ കയ്യൊഴിക്കുവാൻ പാടുള്ളതല്ല. അത്തരം മാലിന്യങ്ങൾ ഇന്ധനം ഉത്പാദിപ്പിക്കുന്നതിനായി മാത്രം ഉപയോഗിക്കേണ്ടതാണ്.
- ഉയർന്ന കലോറി മൂല്യമുള്ള മാലിന്യങ്ങൾ സിമന്റ് ഉത്പാദനത്തിനോ താപ വൈദ്യുത നിലയങ്ങളിലോ ഉപയോഗിക്കേണ്ടതാണ്.

- മാലിന്യത്തിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്രതിദിനം 5 ടണ്ണിൽ കൂടുതൽ സംസ്കരണ ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന തദ്ദേശ സ്ഥാപനമോ നടത്തിപ്പുകാരോ ഏജൻസിയോ ഫോറം-1 ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലേക്ക്/സമിതിയിലേക്ക് അംഗീകാരത്തിനായി അപേക്ഷിക്കേണ്ടതാണ്. അത്തരം അപേക്ഷ പരിശോധിച്ച് അറുപത് ദിവസത്തിനകം അനുമതി നല്കേണ്ടതാണ്.

## 22. ചട്ടങ്ങൾ നടപ്പാക്കുന്നതിനുള്ള സമയപരിധി (Time frame for implementation)

തദ്ദേശ സ്ഥാപനങ്ങളും മറ്റ് ബന്ധപ്പെട്ട ഏജൻസികളും ഈ ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനായി ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
*(ചട്ടം കാണുക)*

## 23. സംസ്ഥാനതല ഉപദേശക ബോർഡ് (State Level Advisory Body)

- ഈ ചട്ടം വിജ്ഞാപനം ചെയ്ത് ആറു മാസങ്ങൾക്കകം തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയുള്ള എല്ലാ വകുപ്പുകളും നിശ്ചിത അംഗങ്ങളുള്ള സംസ്ഥാനതല ഉപദേശക ബോർഡ് രൂപീകരിക്കേണ്ടതാണ്. *(ചട്ടം കാണുക)*
- ഈ ചട്ടങ്ങൾ നടപ്പാക്കുന്നതും ഖരമാലിന്യ സംസ്കരണത്തിന്റെ സംസ്ഥാനതല നയവും മാനദണ്ഡങ്ങളും അവലോകനം ചെയ്യുന്നതിനായി ആറുമാസത്തിലൊരിക്കലെങ്കിലും സംസ്ഥാനതല ഉപദേശക ബോർഡ് യോഗം ചേരേണ്ടതും ഈ ചട്ടങ്ങൾ വേഗത്തിലും ഉചിതമായ രീതിയിലും നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് നൽകേണ്ടതുമാണ്.
- അലലോകന റിപ്പോർട്ടിന്റെ പകർപ്പ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്/കമ്മിറ്റിക്ക് ആവശ്യമായ നടപടിക്കുവേണ്ടി നൽകേണ്ടതാണ്.

## 24. വാർഷിക റിപ്പോർട്ട് (Annual Report)

തദ്ദേശ സ്ഥാപനത്തിന് എല്ലാ വർഷവും ഏപ്രിൽ 30 നോ അതിനുമുമ്പോ സംവിധാനത്തിന്റെ ഓപ്പറേറ്റർ Form-III ൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

- മലിനീകരണ നിയന്ത്രണ ബോർഡിന്/കമ്മിറ്റിക്ക് എല്ലാ വർഷവും ജൂൺ 30 നോ അതിനുമുമ്പോ തദ്ദേശ സ്ഥാപനം Form-IV ൽ വാർഷിക റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിനും മിനിസ്ട്രി ഓഫ് ഹൗസിംഗ് ആന്റ് അർബൻ അഫയേഴ്സിനും എല്ലാ വർഷവും ജൂലൈ 31 നോ അതിനു മുമ്പോ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്/കമ്മിറ്റി Form-IV ൽ ഒരു സമാഹൃത റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- ഭവന നഗരകാര്യ മന്ത്രാലയത്തിനും പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതി യാന മന്ത്രാലയത്തിനും ശുപാർശകൾ സഹിതം എല്ലാ വർഷവും ആഗസ്റ്റ് 31 നോ അതിനുമുമ്പോ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് Form-IV ൽ ഒരു സമാഹൃത റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം കേന്ദ്ര മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗത്തിൽ വാർഷിക റിപ്പോർട്ട് വിശകലനം ചെയ്യേണ്ടതാണ്.

## 25. അപകടവിവരം അറിയിക്കൽ (Accident reporting)

ഏതെങ്കിലും ഖരമാലിന്യ സംസ്കരണ കേന്ദ്രം അല്ലെങ്കിൽ കയ്യൊഴിക്കൽ സംവി ധാനത്തിൽ അല്ലെങ്കിൽ ലാന്റ്ഫിൽ സൈറ്റിൽ എന്തെങ്കിലും അപകടം ഉണ്ടായാൽ അത്തരം സംവിധാനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഫോറം-VI ൽ വിവരം തദ്ദേശ സ്ഥാപനത്തെ അറിയിക്കേണ്ടതും തദ്ദേശ സ്ഥാപനം വിലയിരുത്തൽ നടത്തി നിർദ്ദേശങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ, സംവിധാനത്തിന്റെ ചുമതല യുള്ള ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്.



# ഷെഡ്യൂളുകളുടെ പട്ടിക

| Schedule | Subject |
|---|---|
| I<br><br>[see rule 15 (w), (zi), 16 (1) (b) (e), 16 (4)] | **Specifications for Sanitary Landfills**<br>a) Criteria for site selection<br>b) Criteria for development of facilities at the sanitary landfills<br>c) Criteria for specifications for land filling operations and closure on completion of land filling<br>d) Criteria for pollution prevention<br>e) Criteria for water quality monitoring<br>f) Criteria for ambient air quality monitoring<br>g) Criteria for plantation at landfill Site<br>h) Criteria for post-care of landfill site<br>i) Criteria for special provisions for hilly areas<br>j) Closure and Rehabilitation of Old Dumps<br><br>*(വിശദാംശങ്ങൾക്ക് Schedue-I കാണുക )* |
| II<br><br>[see rule 16 (1), (b), (e), 16 (4)] | **Standards of processing and treatment of solid waste**<br>a) Standards for composting<br>b) Standards for treated leachates<br>c) Standards for incineration<br><br>*(വിശദാംശങ്ങൾക്ക് Schedue-II കാണുക )* |

## ഫോറങ്ങൾ

| Form | Subject |
|---|---|
| I<br>[see rule 15 (y), 16 (1)(c), 21(3)] | Application for obtaining authorisation under solid waste management rules for Processing / recycling/treatment and disposal of solid waste |
| II<br>[see rule 16 (1) (e)] | Format for issue of authorization |
| III<br>[see rule 19 (6), 24 (1)] | Format of annual report to be submitted by the operator of facility to the local body |
| IV<br>[see rules 15(za), 24(2)] | Format for annual report on solid waste management to be submitted by the local body |
| V<br>[see rule 24(3)] | Format of annual report to be submitted by the State Pollution Control Board Or Pollution Control Committee to the Central Pollution Control Board |
| VI<br>[see rule 25] | Accident Reporting |

*(അസ്സൽ ഫോറങ്ങൾ കാണുക)*



*നന്ദി...*

***ശ്രീമതി.സുസ്മിത.കെ.വി, ഓഡിറ്റ് ഓഫീസർ, കെ.എസ്.എ.ഡി***

## തയ്യാറാക്കിയത്


സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്),

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

cscholayilttm@gmail.com


**സ്വകാര്യ ആവശ്യത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം**

**തത്തമംഗലം,**

**30–08–2023**